പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1413 | 15-10-2026-ൽ മറുപടിയ്ക്ക്

<u>ചേറ്റുവയിൽ രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്റർ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. കെ. അക്ബർ | ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചേറ്റുവയിൽ രാമു കാര്യാട്ട് സ്മാരക സിനിമ തിയേറ്ററിനായി റവന്യൂ ഭൂമി ട്രാൻസ്ഫർ ചെയ്ത് ലഭിയ്ക്കുന്നതിനായി സാംസ്കാരിക വകുപ്പ് അപേക്ഷ നൽകിയിട്ടുണ്ടോ; ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നൽകിയിട്ടുണ്ട്. രാമുകാര്യാട്ട് തീയേറ്റർ നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വേ നമ്പർ 22/1 ൽ പ്പെട്ട 102/7 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് 10/02/2026-ൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഭൂമി കൈമാറിക്കിട്ടിയിട്ടില്ല.

**(ബി)** സംസ്ഥാനത്ത് സിനിമ തിയേറ്റർ നിർമ്മാണത്തിനായി കഴിഞ്ഞ 5 വർഷക്കാലയളവിൽ റവന്യൂ ഭൂമി സാംസ്കാരിക വകുപ്പിന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കൊട്ടാരക്കര, തളിപ്പറമ്പ്, മാന്ദാമംഗലം എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

1. കൊട്ടാരക്കര – നെടുവത്തൂർ വില്ലേജ് ബ്ലോക്ക് 8 റീസർവ്വെ 407/1 ൽ പ്പെട്ട 50.16 ആർസ് ഭൂമി. [സ.ഉ.(കൈ)നം. 242/2025/RD, 11.08.2025]

2. തളിപ്പറമ്പ് - മൊഴാറ വില്ലേജിലെ മൊഴാറ അംശം കാനൂൽ ദേശത്ത് റി.സ.339/2 ൽ പ്പെട്ട 0.5272 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി. [സ.ഉ.(കൈ)നം. 183/2025/RD, 20.06.2025]

3. മാന്ദാമംഗലം - ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ ഭൂമി കൈമാറി ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് തൃശ്ശൂർ ജില്ലാകളക്ടർക്കും താലൂക്ക് തഹസിൽദാർക്കും കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. [സ.ഉ.(കൈ)നം. 254/2025/ RD, 19.08.2025]

**(സി)** ബജറ്റിൽ 20% വകയിരുത്തിയ ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവ രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ഗുരുവായൂർ എം.എൽ.എ. ആയിരുന്ന ശ്രീ കെ. വി. അബ്ദുൾ ഖാദറുടെ 2016-17 സാമ്പത്തി കവർഷത്തിലെ നിയോജ കമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 290 ലക്ഷം രൂപ വിനിയോഗിച്ച് തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ സുപ്രസിദ്ധ ചലച്ചിത്രകാരനായിരുന്ന രാമു കാര്യാട്ടിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങൾ) വിഭാഗം മുഖേന സ്മാരകം നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം '4202-04-101-97-08-projects under Legislative Assembly Constituency Asset Development Scheme (LAC-ADS)-Ramu Kariat Memorial, constituency Asset Engandiyoor, Thrissur' ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് 04/08/2025 ലെ സ.ഉ(സാധാ) നം.440/2025/CLAD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആയതുപ്രകാരം രാമുകാര്യാട്ട് സിനിമാതിയേറ്റർ നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വേ നമ്പർ 22/1ൽ പ്പെട്ട 102/7 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാകളക്ടർക്ക് അർത്ഥനാപത്രം 10/02/2026-ൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ റവന്യൂ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് മുഖേന ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**